## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 399 — 28-10-2019 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം പദ്ധതിയിൽ തദ്ദേശീയർക്ക് ജോലി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ്ജ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ ; | (എ) പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ടിന്റെ 565 മീറ്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഡ്രെഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. ബെർത്ത് നിർമ്മാണത്തിനുള്ള പൈലുകൾ മുഴുവൻ സ്ഥാപിച്ചു. കണ്ടെയ്നർ യാർഡിന്റെ നിർമ്മാണവും തുറമുഖ പ്രവർത്തനങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും പുരോഗമിക്കുകയാണ്. തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. പുലിമുട്ട് നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമേ ബെർത്തിന്റെയും സൂപ്പർ സ്ട്രക്ച്ചറിന്റെയും പണികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. |
| (ബി) പ്രസ്തുത പദ്ധതിയിൽ തദ്ദേശീയർക്ക് ഏതൊക്കെ മേഖലകളിൽ ജോലി നൽകിയിട്ടുണ്ട്; വിശദമാക്കാമോ ? | (ബി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തൊഴിലാളികളെ നിയമിക്കുന്നതിനുള്ള അവകാശം നിർമ്മാണ കമ്പനിക്കാണ്. അവർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 114 തൊഴിലാളികൾ തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. സാങ്കേതിക വൈദഗ്ധ്യമുള്ള തൊഴിലാളികളെയാണ് തുറമുഖ നിർമ്മാണത്തിന് ആവശ്യമായിട്ടുള്ളത്. ആയതിനാൽ 554 യുവതീ യുവാക്കൾക്ക് ഇതുവരെ വിവിധ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ